പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4403

21.03.2018 ൽ
മറുപടിക്ക്

## പോലീസ് സേനയിലെ ക്യാമ്പ് ഫോളോവർ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പോലീസ് സേനയിലെ ക്യാമ്പ് ഫോളോവർ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ; | (എ) | പോലീസ് സേനയിലെ ക്യാമ്പ് ഫോളോവർ തസ്തികയെ കേരളാ ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) കേരള പോലീസിലെ കുക്ക്, ബാർബർ, ധോബി, സ്വീപ്പർ, വാട്ടർ കാരിയർ തുടങ്ങിയ ക്യാമ്പ് ഫോളോവർ തസ്തികകളിലേക്കുള്ള നിയമനം പി. എസ്. സി. ക്ക് വിടാൻ നടപടി സ്വീകരിക്കുമോ | (ബി) | ക്യാമ്പ് ഫോളോവർമാരുടെ നിയമനം 26.02.2011 ലെ സ.ഉ(കൈ)നം. 681/2011/ആഭ്യന്തരം പ്രകാരം പി.എസ്.സി-ക്ക് വിട്ടിട്ടുള്ളതാണ്. ക്യാമ്പ് ഫോളോവർമാരുടെ സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതോടുകൂടി ക്യാമ്പ് ഫോളോവർ തസ്തികയിലുള്ള നിയമനം കേരളാ പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന നടത്താൻ കഴിയുന്നതാണ്. |
| (സി) ക്യാമ്പ് ഫോളോവർ തസ്തികകളിലെ ജീവനക്കാരിൽ എത്ര പേരെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ വീട്ടിൽ ജോലിക്കായി നിയോഗിച്ചിട്ടുണ്ട്; ഇപ്രകാരം നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ ക്യാമ്പുകളിലേക്ക് തിരിച്ചയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ | (സി) | ക്യാമ്പ് ഫോളോവർ തസ്തികകളിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ ജോലിക്കായി നിയോഗിക്കാറില്ല. |

സെക്ഷൻ ഓഫീസർ